ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ആവശ്യമുണ്ടെന്നു തോന്നുകയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

വിനോദനികുതി.

* 656. [16] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മുനിസിപ്പാലിറ്റികളിൽ നിന്നും പിരിച്ചുവരുന്ന Entertainment Tax-നെക്കുറിച്ച് ഹൈക്കോടതിവിധി എതെങ്കിലും ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിയമപരമായ പ്രത്യാഘാതത്തെക്കുറിച്ച് ഗവണ്മെന്റിന് മുനിസിപ്പാലിറ്റികളിൽ നിന്നും അറിവു ലഭിച്ചിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ വിധിയുടെപേരിൽ മുനിസിപ്പാലിറ്റികൾക്കുണ്ടാകുന്ന ധനനഷ്ടത്തെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) മുനിസിപ്പാലിറ്റികളിൽ നിന്നും പിരിച്ചുവരുന്ന, എൻറർടെയിൻമെന്റ് ടാക്സിനെക്കുറിച്ച് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആലോചിച്ചിട്ടുണ്ട്.

(ഡി) ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. ആർ. പ്രകാശം : എന്തെല്ലാം നടപടികൾ ഇതു സംബന്ധിച്ചു സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതു സംബന്ധിച്ചു ഒരു ബിൽ എഴുതിയുണ്ടാക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ട്. ബിൽ എതാണ്ടു പൂർത്തിയായിട്ടുണ്ടെന്നാണ് അറിവു്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഹൈക്കോടതി എന്തുകൊണ്ടാണ് ഇങ്ങനെ വിധിച്ചതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എൻറർടെയിൻമെന്റ് ടാക്സ് പിരിക്കുന്നതിനെസംബന്ധിച്ചു്, മുനിസിപ്പാലിറ്റികൾ ഒരു ബൈലാ, പാസാക്കണമെന്നു വ്യവസ്ഥയുണ്ടു്, അങ്ങനെ ബൈലാ പാസ്സാക്കാത്തതുകൊണ്ടായിരിക്കണം ഇങ്ങനെ വിധിയുണ്ടായിട്ടുള്ളതു്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ബൈലാ പാസ്സാക്കാതെ ടാക്സ് പിരിച്ചതു ശരിയല്ലെന്നു കോടതി വിധിയുണ്ടായതു ശരിയല്ലെന്നു വരുത്താനാണോ, ബില്ലുണ്ടാക്കാൻ പോകുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ബിൽ ശരിപ്പെട്ടുവരുമ്പോൾ അതിനെപ്പറ്റി അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. പ്രകാശം : ഈ ബിൽ ഈ സെഷനിൽ അവതരിപ്പിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ആർ. പ്രകാശം : ഇപ്പോൾതന്നെ വളരെ കൂടുതൽ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാൽ ഈ സെഷനിൽതന്നെ ഇതു സംബന്ധിച്ച ബിൽ അവതരിപ്പിക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതിനു എന്തെങ്കിലും പരിഹാരം ഉണ്ടാക്കാനുള്ള നടപടികൾ നടത്തിവരുന്നതാണ്.

ശ്രീ. എ. എ. ഡി. ലൂയിസ് : ഹൈക്കോടതി വിധിയുടെ സ്ഥിതിക്ക് പിരിച്ചു തുക മടക്കിക്കൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ ; അങ്ങനെ വേണമെന്നു തോന്നുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : പഞ്ചായത്തുകൾ എൻറർടെയ്ൻമെൻറ് ടാക്സ് പിരിക്കുന്നതിനെപ്പറ്റി വല്ല ഭേദഗതിയും വരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരിശോധിച്ചിട്ടില്ല.

ശ്രീ. പി. ഭാസ്കരൻ നായർ : നിയമപരമല്ലാതെ പിരിച്ച തുക മടക്കി കൊടുക്കേണ്ടതല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി അന്വേഷിച്ചതിൽ അങ്ങനെ വേണമെന്നില്ല എന്നാണ് മനസ്സിലാക്കിയിട്ടുള്ളതു്. ഈ വക കഴുപ്പുങ്ങൾ എല്ലാം പരിഹരിക്കാനാണ് ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്.

ഹരിജൻവിദ്യാർത്ഥികൾക്കും മുസ്ലീം വിദ്യാർത്ഥിനികൾക്കും ഉള്ള ഗ്രാൻറുകൾ.

* 657. [17] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വിദ്യാർത്ഥികൾക്കും മുസ്ലീംവിദ്യാർത്ഥിനികൾക്കും ഗ്രാൻറ്, പാഠപുസ്തക വിതരണം ഇനത്തിൽപ്പെട്ട പ്രൈവറ്റ് മാനേജ്മെൻറുകൾ വഴിയായി, ഈ വിദ്യാലയവർഷത്തിൽ എന്തു തുക ചെലവാക്കി; ഈ ഗ്രാൻറുകൾ വാങ്ങിയതായി ഒപ്പിടുവിച്ചിട്ടു തുക മുഴുവനും ഹെഡ് മാസ്റ്റർമാരും മാനേജരും ചേർന്നു നൽകാതെ ഇരുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ; പ്രൈവറ്റുകാളേജുകളെപ്പറ്റിയും ഇത്തരം പരാതി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലും കോളേജുകളിലും നിന്നാണ് പരാതി ഉണ്ടായിട്ടുള്ളതു് ;

(ബി) ടി പരാതികളിന്മേൽ എന്തു നടപടി എടുത്തു ; ഏതെങ്കിലും പരാതി അന്വേഷണം നടത്തിയതിൽ ശരിയാണെന്നു തെളിഞ്ഞിട്ടുണ്ടോ ; ഏതെങ്കിലും മാനേജരേയോ ഹെഡ്മാസ്റ്ററേയോ ക്രമിനൽ നടപടിക്കു വിധേയനാക്കിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly